

പതിനാറാം കേരളനിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-2029)

മൂന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ മുപ്പതാമത് റിപ്പോർട്ടിലെ (കൃഷി വകുപ്പ് നടപ്പിലാക്കുന്ന കുളങ്ങളുടെ നവീകരണത്തിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

(2026 ഒക്ടോബർ മാസം 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-2029)

മൂന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ മുപ്പതാമത് റിപ്പോർട്ടിലെ
(കൃഷി വകുപ്പ് നടപ്പിലാക്കുന്ന കുളങ്ങളുടെ നവീകരണത്തിന്റെ
ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന :

മുഖവുര :

അദ്ധ്യായം I : റിപ്പോർട്ട് :

അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ :

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-2029)

ഘടന

ചെയർപേഴ്സൺ

ശ്രീ. വി. ടി. ബൽറാം

അംഗങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഒ. മോഹനൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. വി. കെ. സനോജ്

ശ്രീമതി രമ്യ ഹരിദാസ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2026-2029)-യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരളനിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026) യുടെ മുപ്പതാമത് റിപ്പോർട്ട് (കൃഷി വകുപ്പ് നടപ്പിലാക്കുന്ന കുളങ്ങളുടെ നവീകരണത്തിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) 2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 8 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 27-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ടി. ബൽറാം,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 29.

റിപ്പോർട്ട്

അദ്ധ്യായം – I

പതിനഞ്ചാം കേരളനിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)യുടെ മുപ്പതാമത് റിപ്പോർട്ട് (കൃഷി വകുപ്പ് നടപ്പിലാക്കുന്ന കുളങ്ങളുടെ നവീകരണത്തിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) 2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 8 ശിപാർശകളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ പകർപ്പ് 24.03.2026-ന് സർക്കാരിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പ് 27.10.2026 ചേർന്ന യോഗത്തിൽ സമിതി പരിഗണിച്ചു.

സമിതി (2023-2026)-യുടെ മുപ്പതാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം II

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിന്മേൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

ശിപാർശ- 1, 2 (ഖണ്ഡിക 6, 7)

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം എന്ന രീതിയിൽ ആരംഭിച്ച പദ്ധതി ' Sahasra Sarovar Scheme Phase II -Renovation of Ponds in All Districts of Kerala' എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ എല്ലാ ജില്ലകളിലെയും കുളങ്ങളുടെ നവീകരണ പ്രൊപ്പോസലുകൾ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം സമിതി പരിശോധിച്ചു. കുളങ്ങളുടെ സംരക്ഷണവും പുനരുജ്ജീവനവും ഏറ്റവുമധികം ആവശ്യമായ ഇടങ്ങൾ പ്രത്യേകം കണ്ടെത്തണമെന്നും ഓരോ പ്രദേശത്തെയും ജല ഉപയോഗത്തിലെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കി പദ്ധതി പ്രവർത്തനം വ്യാപിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി കൃഷിക്കും ജലസംരക്ഷണത്തിനും പ്രയോജനപ്പെടുമെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് പദ്ധതി റിപ്പോർട്ടുകൾ Price Software പ്രകാരം തയ്യാറാക്കി സർക്കാർ നിർദ്ദേശപ്രകാരം വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഫണ്ടും ഭരണാനുമതിയും ലഭ്യമാക്കുന്നതെന്നുള്ള വിവരങ്ങൾ സമിതി പരിശോധിച്ചു. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (ഐ.എഫ്.എ) വകുപ്പ്

ഖണ്ഡിക 6, 7-ലെ ശിപാർശകളിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് ലഭ്യമാകുന്ന നിർദ്ദേശങ്ങളിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ- 3 (ഖണ്ഡിക 10)

നവീകരിച്ച കുളങ്ങളുടെ തുടർപരിപാലനം അതത് പഞ്ചായത്ത്, ദേവസ്വം ബോർഡ്, കുളം സംരക്ഷണ സമിതി തുടങ്ങിയവർക്കാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. നവീകരിച്ച കുളങ്ങളുടെ തുടർ പരിപാലനം ഉറപ്പാക്കണമെന്നും ഇത് വകുപ്പ് നിരീക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു..

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (ഐ.എഫ്.എ) വകുപ്പ്

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നവീകരിച്ച കുളങ്ങളുടെ തുടർ പരിപാലനം അതത് പഞ്ചായത്ത് ആണ് നടപ്പിലാക്കുന്നത്.

ശിപാർശ 4 (ഖണ്ഡിക 11)

സഹസ്ര സരോവർ പദ്ധതി പ്രകാരം നവീകരണം ഏറ്റെടുത്തതിൽ പൂർത്തിയാകാനുള്ള കുളങ്ങളുടെ നിർമ്മാണ പ്രവർത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (ഐ.എഫ്.എ) വകുപ്പ്

സഹസ്രസരോവർ പദ്ധതി പ്രകാരം നവീകരണം ഏറ്റെടുത്തതിൽ 2025-26 വരെയുള്ള പ്രവൃത്തികളെല്ലാം ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്.

ശിപാർശ 5 (ഖണ്ഡിക 12)

സഹസ്ര സരോവർ പദ്ധതിയിൽ ഇനിയും ഏറ്റെടുക്കാനുള്ള കുളങ്ങളുടെ നവീകരണം സംബന്ധിച്ച പ്രൊപ്പോസലുകൾ അടിയന്തരമായി ലഭ്യമാക്കി പദ്ധതി പ്രവർത്തികൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (ഐ.എഫ്.എ) വകുപ്പ്

സഹസ്ര സരോവർ പദ്ധതിയിൽ നിന്നും ഇനിയും ഏറ്റെടുക്കാനുള്ള കുളങ്ങളുടെ നവീകരണം സംബന്ധിച്ച പ്രൊപ്പോസലുകൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പെൻഡിംഗ് ആണ്. ഇതിലേയ്ക്കായി വാർഷിക പദ്ധതിയിൽ കൂടുതൽ ഫണ്ട് അനുവദിച്ചാൽ മാത്രമേ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ശിപാർശ 6, 7 (ഖണ്ഡിക 14, 15)

സംസ്ഥാനത്തെ കുളങ്ങളുടെ ദീർഘകാല പരിപാലനത്തിനും നിരീക്ഷണത്തിനുമായി പ്രാദേശിക സമൂഹങ്ങളേയും സ്വയം സഹായ ഗ്രൂപ്പുകളേയും ഉൾപ്പെടുത്തി പ്രത്യേക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മെച്ചപ്പെട്ട ജലസംരക്ഷണ രീതികളെക്കുറിച്ചും കുളങ്ങളുടെ സുസ്ഥിര പരിപാലനത്തെക്കുറിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (ഐ.എഫ്.എ) വകുപ്പ്

ഖണ്ഡിക 14, 15-ലെ ശിപാർശകളിന്മേൽ സർക്കാർ തലത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ 8 (ഖണ്ഡിക 16)

ഊർജ്ജസ്വലമായ സമൂഹ ഇടങ്ങളാക്കി മാറ്റുന്നതിനും ടൂറിസം സാധ്യതകൾ മുന്നിൽക്കണ്ടും അനുയോജ്യമായ കുളങ്ങളെ കണ്ടെത്തി അവയോട് ചേർന്ന് നടപ്പാതകൾ, കൈവരികൾ, ബെഞ്ചുകൾ എന്നിവ സ്ഥാപിക്കൽ, ലാൻഡ്സ്കേപ്പിംഗ്, പാർക്കുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (ഐ.എഫ്.എ) വകുപ്പ്

സഹസ്രസരോവർ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കുളങ്ങളുടെ നവീകരണ പ്രവൃത്തികളിൽ നടപ്പാതകൾ, കൈവരികൾ, ബെഞ്ചുകൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പാർക്കുകളുടെ നിർമ്മാണം, ലാൻഡ് സ്കേപ്പിംഗ് തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് പ്രൊപ്പോസൽ തയ്യാറാക്കുന്നതാണ്.

വി. ടി. ബൽറാം.,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ, 29.